**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 815** | **06-12-2022 - ൽ മറുപടിയ്ക്ക്**

**അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | 2011-2016 കാലയളവിൽ തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ച് വിട്ട് അധികാരമേറ്റെടുത്ത അഡ്മിനിസ്ട്രേറ്ററുടെ ഭരണകാലത്ത് നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2011-16 കാലയളവിൽ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതി പിരിച്ച് വിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണമേർപ്പെടുത്തിയിട്ടുള്ള കാലഘട്ടത്തിൽ നടന്നിട്ടുള്ള അഴിമതി സംബന്ധിച്ച് വിജിലൻസ്&ആന്റി കറപ്ഷൻസ് ബ്യൂറോ FIR NO. 33/2016/TSR പ്രകാരവും,VC 10/2021/TSR പ്രകാരവും രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയാക്കി വിജിലൻസ് സമർപ്പിച്ച വസ്തുതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പ്രാഥമിക അന്വേഷണ റിപ്പോർട്ട് മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) | മേൽ പറഞ്ഞ വസ്തുതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇതിൽ പങ്കുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ബാങ്ക് അഡ്മിനിസ്ട്രേറ്റർ ആയിരുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻ ഈ കേസിൽ അറിയാവുന്ന/ സംശയിക്കാവുന്ന/ അറിയപ്പെടാത്ത കുറ്റവാളികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | അന്വേഷണം സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് മാത്രമാണ് ലഭിച്ചിട്ടുള്ളത്.അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ